12
സെപ്റ്റംബർ 2023
ചൊവ്വ
Pages- 5
Vol. 2 Issue 221

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

590

## കേരളത്തിൽ

# വൈദികനെ വധിക്കാൻ ഐഎസ് പദ്ധതി

### ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ റിപ്പോർട്ട്




കേരളത്തിൽ തങ്ങളുടെ സംഘത്തിലേക്ക് യുവാക്കളെ റിക്രൂട്ട് ചെയ്ത് പരിശീലനം നൽകാനും പദ്ധതിയിട്ടിരുന്നു

പേജ് 4

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 സെപ്റ്റംബർ 12 ചൊവ്വ



# കാലങ്ങളെ തിരിച്ചറിയുക

മകളുടെ വിവാഹം ആഡംബരമായി ചില മാസങ്ങൾക്കു മുൻപേ നടത്തിയ പഞ്ചനക്ഷത്ര ഹോട്ടലിൽ മാതാപിതാക്കളുടെ ദാരുണമായ അന്ത്യം. ഇന്ന് ആഡംബരങ്ങളും, അതിനെ തുടർന്നുള്ള ആത്മഹത്യകളും സാധാരണമായി മാറുന്നു. സ്വന്തം വരുമാനത്തെ കുറിച്ച് ചിന്തിച്ച് തീരുമാനം എടുക്കുവാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ല. വിദ്യാഭ്യാസവും ഉയർന്ന ജോലികളും ഒക്കെ ആയപ്പോൾ മക്കളുടെ ഇഷ്ടം നോക്കിയും അവരുടെ നില അനുസരിച്ചും വിവാഹങ്ങൾ ആഘോഷപൂർണം ആക്കുന്നു. വേണ്ടാത്ത ചടങ്ങുകൾ മുഴുവൻ നടത്തി പണം വാരി എറിയുമ്പോൾ നാളേയുണ്ടാകാൻ പോകുന്ന വിപത്തുകളെ കുറിച്ചു ഓർക്കുന്നില്ല.

ചിലനാളുകൾക്ക് മുൻപ് ഒരു സ്റ്റുഡിയോയിൽ ജോലി ചെയ്യുന്ന ഒരാൾ പറഞ്ഞു, വിവാഹം കഴിഞ്ഞു ഒരു മാസം കഴിഞ്ഞു വിവാഹ ആൽബവുമായി ഒരു വീട്ടിൽ എത്തിയപ്പോൾ അവർക്ക് ആൽബം വേണ്ട കാരണം അവർ ഡിവോഴ്സിന് കൊടുത്തു കഴിഞ്ഞു. ചിലവായ പണം ലഭിച്ചില്ലെന്ന് മാത്രം അല്ല അതിന്റെ പിൻപിൽ ഉള്ള അധ്വാനവും വ്യർത്ഥമായി. ഇതുപോലെയുള്ള സംഭവങ്ങൾ വർദ്ധിക്കുന്നു. ആഡംബരങ്ങൾ കുറച്ചു തലമുറകൾ നല്ല ജീവിതം നയിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

ബാങ്ക് ലോൺ മൂലം കടം കയറിയപ്പോൾ ജീവിക്കുവാൻ നിവർത്തിയില്ലാതെ വന്നപ്പോൾ, ഗർഭിണി ആയിരിക്കുന്ന മകളെ പോലും ഓർക്കാതെ ആ മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്നു, അതും ചില മാസങ്ങൾക്കു മുൻപേ സന്തോഷിച്ച ആ ഹോട്ടൽ മുറിയിൽ തന്നെ. വിധിയുടെ ക്രൂരതകൾ കേരളത്തിൽ ആരംഭിച്ചിട്ട് നാളുകൾ കുറെയായി. ഒറ്റക്കും കൂട്ടമായും ആത്മഹത്യകൾ, കൊലപാതകങ്ങൾ എല്ലാം കേട്ട് മനസ്സ് മടുത്ത നിലയിൽ മുൻപോട്ടു പോകുന്നു. വരവ് അറിയാതെ ചിലവ് ചെയ്യുന്ന ചില മനുഷ്യർ കുടുംബങ്ങളെ തകർക്കുകയാണ്. ഇനിയെങ്കിലും ഒന്ന് തിരിഞ്ഞു . ചിന്തിച്ചെങ്കിൽ...

ബൈബിൾ പറയുന്നു ചിരിക്കാൻ ഒരു കാലം, കരയാൻ ഒരു കാലം. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ ദൈവം അനുവദിച്ച ഒരു കാലം ഉണ്ട് അത് ഒരു വേള സന്തോഷം ആണെങ്കിൽ മറ്റൊരു വേള കരയുവാൻ ആയിരിക്കും. എന്നാൽ ദൈവം അനുവദിച്ച കാലഘട്ടങ്ങളെ മനസ്സുകൊണ്ട് അംഗീകരിച്ചാൽ മാത്രമേ സന്തോഷം നിലനിൽക്കുകയുള്ളൂ. സന്തോഷകാലത്ത് വളരെ സന്തോഷിക്കുകയും ദുഃഖം വരുമ്പോൾ നിലവിട്ട് വിഷാദിക്കുകയും ചെയ്യുന്നവർ ഇന്ന് കുറവല്ല. കാര്യങ്ങൾ ചിന്തിക്കുന്നതുപോലെ നടന്നില്ലെങ്കിൽ ഡിപ്രെഷനിലേക്ക് പോകുന്ന യുവ തലമുറ. വഴിവിട്ട ജീവിതത്തിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ വേറെ. എല്ലാ കാലത്തും ആശ്രയിക്കുവാൻ കൊള്ളാവുന്ന ഒരു ദൈവം ഉണ്ട്. അത് മനുഷ്യനായി പിറന്നു മനുഷ്യന്റെ വേദനകൾ മുഴുവൻ മനസ്സിലാക്കിയ ശ്രീ യേശുക്രിസ്തുവാണ്. യേശു നമ്മുടെ വേദനകൾ സന്തോഷങ്ങൾ എല്ലാം അറിയുന്നു. നമ്മെ ഉള്ളതുപോലെ അറിയാനും കരുതുവാനും കഴിയുന്ന, നമ്മുടെ മാനുഷിക ബന്ധങ്ങളെക്കാൾ നമ്മെ മനസ്സിലാക്കുന്ന ആ നല്ല രക്ഷകനെ ജീവിതത്തിന്റെ എല്ലാക്കാലങ്ങളിലും നമുക്ക് കൂടെ ചേർത്ത് നിറുത്താം. ദൈവം സഹായിക്കട്ടെ.



സിസ്റ്റർ ഷീല ദാസ്

## PYPA പ്രവർത്തന ഉത്ഘാടനവും ഏകദിന സെമിനാറും

പാലക്കാട് :ഐപിസി പാലക്കാട് നോർത്ത് സെന്റർ **PYPA** യുടെ 2023–24 വർഷത്തെ പ്രവർത്തനങ്ങളുടെ ഉത്ഘാടനവും ഏകദിന സെമിനാറും സെപ്റ്റംബർ 23 ന് ചാവടി (കോയമ്പത്തൂർ) ഐപിസി സീയോൻ സഭയിൽ വെച്ച് നടത്തപ്പെടും. സെന്റർ മിനിസ്റ്റർ പാസ്റ്റർ **M.V** മത്തായി ഉത്ഘാടനം നിർവഹിക്കും. **Pr.** ബിജു ജേക്കബ് **(Mtero Church Of God, Cochin)** ക്ലാസുകൾ നയിക്കും. സെന്റർ **PYPA** ആരാധനക്ക് നേതൃത്വം കൊടുക്കും.

**Evg.** ബിജോ ചാക്കോ സെന്റർ **PYPA** പ്രസിഡന്റ് ആയും **Pr.** മാത്യൂ ചാക്കോ സെക്രട്ടറി ആയും **Br.** രാജു ട്രഷറാർ ആയും പ്രവർത്തിക്കുന്നു.

## ഐസിപിഎഫ് മലപ്പുറം ക്യാമ്പ് രജിസ്ട്രേഷൻ ആരംഭിച്ചു

മലപ്പുറം: ഐസിപിഎഫ് മലപ്പുറം ജില്ല ക്യാമ്പ് ഡിസംബർ 25 മുതൽ 28 വരെ നിലമ്പൂർ മലബാർ ബൈബിൾ ഫെലോഷിപ്പ് സെന്ററിൽ നടക്കും.ഉമ്മൻ പി ക്ലമൺസൺ, അജി മർക്കോസ്,ബോബു ഡാനിയേൽ,സുജിൻ അബ്രഹാം,ആശിഷ് ജോൺ,ആഷർ ജോൺ എന്നിവർ ക്ലാസ് നയിക്കും. ഐപിസിഎഫ് മലപ്പുറം ക്വയർ ഗാനങ്ങൾ പരിശീലിപ്പിക്കും.വിശദ വിവരങ്ങൾക്ക്: സിജോ ജോയ് 9747175765

## എടത്വ UPWF ലേഡീസ് സെമിനാർ

എടത്വ : യുപിഡബ്ലിയുഎഫ് എടത്വയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 ന് ഐപിസി ഹെബ്രോൺ കുന്തിരിക്കൽ സഭയിൽ ലേഡീസ് സെമിനാർ നടക്കും. സിസ്റ്റർ രെൻജി ക്രൗൺ, ഡോ. ജെൻസി ജോയി എന്നിവർ ക്ലാസുകൾ എടുക്കും. ടിങ്കു ഏബ്രഹാം, തിമൊത്തി ഡേവിഡ് എന്നിവർ വർഷിപ് ലീഡ് ചെയ്യും.വിവരങ്ങൾക്ക് :9961805317, 8111924156, 9526131463


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

**1. ഫെയ്സ്ബുക്കിലൂടെ**

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു: Middle East Christian Youth Minitsries

**2 യൂ ട്യൂബിലൂടെ**

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു: Christian Live

**3 ഡിജിറ്റൽ ദിനപത്രത്തിലൂടെ**

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Digital Daily

**4 ഡിജിറ്റൽ വീക്ക്ലിയിലൂടെ**

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു: Wings of Hope

**5 ന്യൂസ് പേപ്പറിലൂടെ**

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

**6 വെബ്സൈറ്റിലൂടെ**

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു: www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ? ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# മതപരിവർത്തന ആരോപണം : ക്രിസ്ത്യൻ സംഘാടന ചെയർമാന്, സുപ്രീം കോടതിയുടെ സംരക്ഷണം

യു പി : ഉത്തർപ്രദേശിലെ ഫത്തേപൂർ ജില്ലയിലെ ബ്രോഡ്‌വെൽ ക്രിസ്ത്യൻ ഹോസ്പിറ്റൽ സൊസൈറ്റിയുടെ ചെയർമാനെ, നിർബന്ധിത മതപരിവർത്തനം ആരോപിച്ച് അറസ്റ്റ് ചെയ്യുന്നതിൽ നിന്ന് സുപ്രീം കോടതി ഇടക്കാല സംരക്ഷണം നൽകി. ബ്രോഡ്‌വെൽ ക്രിസ്ത്യൻ ഹോസ്പിറ്റൽ സൊസൈറ്റിയുടെ ചെയർമാൻ മാത്യു സാമുവൽ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീലിൽ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് ജെ ബി പർദിവാല എന്നിവരടങ്ങിയ ബെഞ്ച് ഉത്തർപ്രദേശ് സർക്കാരിന് നോട്ടീസ് അയച്ചു. ഈ അപ്പീൽ അലഹബാദ് ഹൈക്കോടതിയുടെ മുൻ ഉത്തരവിനെ ചോദ്യം ചെയ്യുന്നു, അവർക്കെതിരെ സംസ്ഥാന പോലീസ് ഫയൽ ചെയ്ത പ്രഥമ വിവര റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടികൾ റദ്ദാക്കാൻ വിസമ്മതിച്ചു.




ക്രിമിനൽ നീതിന്യായ പ്രക്രിയയുടെ ദുരുപയോഗം ആരോപിച്ച് എഫ്ഐആറുകളെക്കുറിച്ചുള്ള അന്വേഷണം സ്റ്റേ ചെയ്യണമെന്ന് ഹർജിക്കാർക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ സിയു സിംഗ് അഭ്യർത്ഥിച്ചു. നേരത്തെ, സാമുവൽ ഉൾപ്പെടെയുള്ളവർക്കെതിരെ സംസ്ഥാന പോലീസ് സമർപ്പിച്ച എഫ്ഐആറിലെ നടപടികൾ റദ്ദാക്കാൻ ഹൈക്കോടതി വിസമ്മതിച്ചിരുന്നു.ഫത്തേപൂരിലെ മൂന്ന് പോലീസ് സ്റ്റേഷനുകൾ ഏഴ് എഫ് ഐ ആർ ഫയൽ ചെയ്യുകയും 2022 ന്റെ തുടക്കം മുതൽ നിരവധി അറസ്റ്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

മതംമാറ്റത്തിന് പ്രേരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളായി പോലീസ് തങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ തെറ്റിദ്ധരിപ്പിച്ചതായി ഡോ. സാമുവലും ആശുപത്രി ജീവനക്കാരും പറഞ്ഞു. സെർച്ച് വാറണ്ടില്ലാതെയാണ് പൊലീസ് ആശുപത്രിയിലെത്തിയതെന്നും കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ പിടിച്ചെടുത്തെന്നും അവർ അവകാശപ്പെട്ടു. ഗ്രാമവാസികൾക്ക് നൽകിയ സഹായത്തിന് ഹരിയാപൂർ ഗ്രാമ പ്രധാനനിൽ നിന്ന് അഭിനന്ദന സർട്ടിഫിക്കറ്റ് ലഭിച്ചതായി ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. എ. ജെസുദോസ് അഭിപ്രായപ്പെട്ടു. ഇത് സൂചിപ്പിക്കുന്നത് അവരുടെ പ്രയത്നത്തെ പ്രാദേശിക സമൂഹം നല്ല രീതിയിൽ സ്വീകരിച്ചു എന്നാണ്, യേശുദാസ് പറഞ്ഞു.

# ക്രൈസ്തവ ന്യൂനപക്ഷ പഠന റിപ്പോർട്ടിന്മേൽ നടപടികളില്ലാതെ തുടരുന്നു : അഡ്വ.വി സി.സെബാസ്റ്റ്യൻ



കൊച്ചി: കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് വിവിധ ക്ഷേമപദ്ധതികൾ നിർദ്ദേശിച്ചിരിക്കുന്ന ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടികളില്ലാതെ തുടരുന്നതായി കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി സി.സെബാസ്റ്റ്യൻ ആരോപിച്ചു. 2023 മെയ് 17ന് സർക്കാരിൽ സമർപ്പിച്ച ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പൂർണ്ണരൂപം പുറത്തുവിടുന്നതിനോ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനോ നാലു മാസക്കാലമായിട്ടും യാതൊരു ശ്രമവും നടത്തിയിട്ടില്ല.

ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ കടുത്ത വിവേചനവും നീതിനിഷേധവും തുടർച്ചയായി നേരിടുകയും, വിവിധ ന്യൂനപക്ഷ സമിതികളിൽ നിന്ന് ക്രൈസ്തവർ പുറന്തള്ളപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രതിഷേധങ്ങൾ ശക്തമായതിനെത്തുടർന്നാണ് സംസ്ഥാന സർക്കാർ വിശദമായ പഠനത്തിനായി 2020 നവംബർ 5ന് ജെ.ബി.കോശി കമ്മീഷനെ നിയമിച്ചത്. കാർഷിക മലയോര തീരദേശ മേഖലയിലെ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ, സാമ്പത്തികത്തകർച്ച, ജീവിത പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പ്രതിസന്ധികൾ, കോച്ചിങ് സെന്ററുകളിലെ വിവേചനം, ക്രൈസ്തവരുൾപ്പെടെ പൊതുസമൂഹം നേരിടുന്ന വിവിധ വിഷയങ്ങൾ ഉൾപ്പെടെ ഏകദേശം അഞ്ചുലക്ഷത്തോളം പരാതികളും നിർദ്ദേശങ്ങളും ലഭിച്ചുവെന്ന് കമ്മീഷൻ തന്നെ ഇതിനോടകം വ്യക്തമാക്കിയിരിക്കുമ്പോൾ ഈ റിപ്പോർട്ടിന്റെ പ്രസക്തിയും, ഗൗരവവും സൂചിപ്പിക്കുന്നു. ഇതിനിടയിൽ ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 അനുപാതം, വിവേചനവും നീതി നിഷേധവുമാണെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി റദ്ദ് ചെയ്ത് വിധി പ്രഖ്യാപിക്കുകയും ചെയ്തതു.

# ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കണം; വോൾക്കർ ടർക്ക്



ന്യൂഡൽഹി : ഹരിയാനയിലെയും മണിപ്പൂരിലെയും വംശീയവും വർഗീയവുമായ സംഘർഷങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് ആശങ്ക പ്രകടിപ്പിച്ചു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കാനും സംരക്ഷിക്കാനും ഇന്ത്യ ശ്രമിക്കണമെന്ന് അദ്ദേഹത്തിന്റെ പരാമർശങ്ങൾ ചൂണ്ടിക്കാട്ടി. യുണൈറ്റഡ് നേഷൻസ് മനുഷ്യാവകാശ കൗൺസിലിന്റെ 54ാം സമ്മേളനത്തിനിടെ ഇന്ത്യയിലെ കലാപത്തെക്കുറിച്ച് പരാമർശിക്കുകയായിരുന്നു അദ്ദേഹം.

മണിപ്പൂരും ഹരിയാനയും ലോകമെമ്പാടും മനുഷ്യാവകാശ ലംഘനങ്ങളുടെ വിഷയമായി. പാകിസ്ഥാൻ, പെറു, ആഫ്രിക്ക എന്നിവിടങ്ങളിലെ മനുഷ്യാവകാശങ്ങളെക്കുറിച്ചും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹരിയാനയിലെ ഗുരുഗ്രാമിൽ ഈയിടെയായി മുസ്ലീങ്ങൾ ആക്രമണങ്ങൾക്ക് ഇരയാകാറുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കഴിഞ്ഞ മാസം വിശ്വഹിന്ദു പരിഷത്തും ബജ്റംഗ്ദളും നടത്തിയ ഘോഷയാത്രയ്ക്കിടെ നടന്ന അക്രമത്തിലാണ് ഹരിയാനയിലെ നൂഹ് ജില്ലയിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്.

ഒരാഴ്ച നീണ്ടുനിന്ന ഏറ്റുമുട്ടലിൽ ഏഴ് മരണങ്ങളും 200 പേർക്ക് പരിക്കേറ്റതായുമാണ് റിപ്പോർട്ടുകൾ. അവിടെ മുസ്ലീങ്ങളുടെ വ്യാപര സ്ഥാപനങ്ങൾ വ്യാപകമായി പൊളിച്ചുമാറ്റുകയും ചെയ്തിരുന്നു.'അസഹിഷ്ണുത, വിദ്വേഷ പ്രസംഗം, മത തീവ്രവാദം, വിവേചനം, എന്നിവയെ നേരിടാനുള്ള എല്ലാ ശ്രമങ്ങളെയും തടയേണ്ടതാണ്. അത് ഇല്ലാതാക്കാനുള്ള കഠിന ശ്രമങ്ങൾ ഇന്ത്യയുടെ ഭാഗത്ത് നിന്നുണ്ടാകണം'. അദ്ദേഹം വ്യക്തമാക്കി.




## ക്രിസ്ത്യൻ ലൈവ് കുടുംബ പ്രാർത്ഥന സഹായി

- ഇന്നത്തെ നമ്മുടെ കുടുംബപ്രാർത്ഥനകളിൽ ഈ വിഷയങ്ങൾ കൂടെ ചേർക്കാം
- നമ്മുടെ സഭാ നേതാക്കൾക്കായി പ്രാർത്ഥിക്കാം. ആത്മീയ കാഴ്ചപ്പാടുള്ള നേതൃത്യം ഇന്നത്തെ സഭയ്ക്ക് ആവശ്യമാണ്.
- ബൈബിൾ പരിഭാഷകർക്കായി ഇന്ന് പ്രാർത്ഥിക്കാം. വിവിധ നിലകളിലുള്ള യാതനകൾ അനുഭവിച്ചുകൊണ്ടാണ് അവർ ഈ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നത്.
- അപകടത്തെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റായിരുന്ന എലിക്കാട്ടൂർ എജി ശുശ്രൂഷകൻ
പാ. ഷിബു ഡിസ്ചാർജായിട്ടുണ്ട്. പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി. തുടർന്നും പ്രാർത്ഥിക്കുക!

## ഇന്ന് ബിഹാർ

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം. ഇന്ന് പ്രാർത്ഥിക്കേണ്ട സംസ്ഥാനം:
ബിഹാർ
ഭാഷ: ഹിന്ദി
ജില്ലകൾ:38
ജനസംഖ്യ:119.46 Millions/ 2022/2023
തലസ്ഥാനം:പാറ്റ്ന
മുഖ്യമന്ത്രി:. നിതീഷ് കുമാർ

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**
സിസ്റ്റർ റ്റിജി കോശി (പ്രയർ കോർഡിനേറ്റർ, ക്രിസ്ത്യൻ ലൈവ്):+966 58 177 6032

# എം.ടെക്ന് ഒന്നാം റാങ്ക് കരസ്ഥമാക്കി ഷെൽമ സാജൻ



കുന്നംകുളം: നാഗ്പൂർ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് എഞ്ചിനിയറിംഗ് അപ്ലൈഡ് ടു മെഡിക്കൽ സയൻസ് ബ്രാഞ്ചിൽ എം.ടെക്ക്ന് ഒന്നാം റാങ്ക് കരസ്ഥമാക്കി ഷെൽമ സാജൻ. 9.92 സ്കോർ ലഭിച്ച ഷെൽമ എല്ലാ ബ്രാഞ്ചുകളിലും വെച്ചും ഒന്നാം സ്ഥാനത്താണ്. ഐ.പി.സി. സണ്ടേസ്കൂൾ അസ്സോസിയേഷൻ കേരള സ്റ്റേറ്റ് കൗൺസിൽ മെംബറും തൃശൂർ സോണൽ സെക്രട്ടറിയും കുന്നംകുളം മുൻസിപ്പൽ ജനറൽ സൂപ്രണ്ടുമായ ഡോ. സാജൻ സി. ജേക്കബിന്റെയും സീന സാജന്റെയും മകളാണ്. ന്യൂയോർക്കിൽ ഐ.റ്റി എഞ്ചിനിയറായ റാന്നി നെല്ലിക്കമൺ ഐ.പി.സി. സഭാംഗമായ ജോഷ് ജോസഫിന്റെ ഭാര്യയാണ് ഷെൽമ. കുന്നംകുളം സെന്ററിലെ ഐ.പി.സി. മരത്തംകോട് കർമ്മേൽ സഭയിലെ അംഗമാണ്.

# സംയുക്ത സഭായോഗം

റിയാദ്: റിയാദിലെ പെന്തക്കോസ്ത് സഭകളുടെ സംയുക്ത സഭായോഗം വെള്ളിയാഴ്ച രാവിലെ 9.30 ന് സുൽത്താന അൽ അസാല റിസോർട്ടിൽ നടക്കും. പാസ്റ്റർ പി സി ചെറിയാൻ മുഖ്യപ്രഭാഷണം നടത്തും.

ഇന്നു മുതൽ വെള്ളിയാഴ്ച വരെ റിയാദിൽ നടക്കുന്ന റിവൈവൽ മീറ്റിംഗുകളിലും പാസ്റ്റർ പി സി ചെറിയാൻ പ്രസംഗിക്കും. ഇന്നും വ്യാഴാഴ്ചയും ഷുമൈസിയിലും നാളെ മലാസിലുമാണ് മീറ്റിംഗുകൾ. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് റിയാദ് റിജിയണിലെ ശുശ്രൂഷകർ വിവിധ മീറ്റിംഗുകളിൽ നേതൃത്വം കൊടുക്കും. ഫോൺ: പാസ്റ്റർ റെജി തലവടി: 050 7274309



ഷിജു മാത്യു, ഇഞ്ചത്തുണ്ടിയിൽ

# ക്രിസ്തു മതവും ക്രിസ്തുവും



*കഴിഞ്ഞ ലക്കം തുടർച്ച....*

മിതമായ മത വിശ്വാസം ചിട്ടയുള്ള ഒരു ജീവിതം നയിക്കാൻ മനുഷ്യനെ സഹായിക്കുമ്പോൾ തീവ്ര മത സ്നേഹം വലിയ അപകടത്തിൽ അവനെയും സമൂഹത്തെയും കൊണ്ടെത്തിക്കും. വിശുദ്ധ വേദ പുസ്തകത്തിൽ തീവ്ര മത സ്നേഹിയായ ഒരാളെ നമുക്കു കാണാം.

ശൗൽ, തന്റെ മതത്തിൽ വിശ്വസിക്കാത്ത ക്രിസ്ത്യാനികളെ കൊല്ലുവാൻ അധികാര പത്രവും വാങ്ങി വരുന്നത് നാം വായിച്ചിട്ടുണ്ട്.

എന്നാൽ അതെ ശൗൽ തന്നെ യേശുവിനെ കണ്ടെത്തി യഥാർത്ഥ ദൈവസ്നേഹി ആകുമ്പോൾ പറയുന്നു ' എന്റെ സഹോദരന് ഇടർച്ച വരുമെങ്കിൽ ഞാൻ ഇനി മുതൽ മാംസം കഴിക്കില്ല '.

മത സ്നേഹി മറ്റുള്ളവർ താൻ ചെയ്യുന്നതും വിശ്വസിക്കുന്നതും ചെയ്യണമെന്നും തൻ വര്ജിക്കുന്നത് മറ്റുള്ളവരും വര്ജിക്കണമെന്നു വാശി പിടിക്കുമ്പോൾ ദൈവ സ്നേഹി സ്വന്തം ഇഷ്ടങ്ങൾ പോലും മറ്റുള്ളവർക് വേണ്ടി ത്യെജിക്കുന്നു. ഒരു ദൈവ സ്നേഹി തികഞ്ഞ മനുഷ്യസ്നേഹി ആയിരിക്കും. ദൈവ സ്നേഹത്തെപ്പറ്റി ബൈബിൾ വളരെ വിശദമായി പ്രതിപാതിക്കുന്നുണ്ട്;

'താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല.

ഒരിക്കൽ തിബറ്റൻ ഗുരുവായ തേസ്വങ് മരണ കിടക്കയിൽ കിടക്കുമ്പോൾ ഒരു ശിഷ്യൻ വിഷമത്തോടെ അടുത്ത് വന്നു ചോദിച്ചു;
ഗുരോ, അങ്ങയുടെ മരണ ശേഷം ഈ ഗ്രാമം അനാഥം ആയി പോകില്ലേ? അവരെ സഹായിക്കാൻ ഇനി അങ്ങയെപ്പോലെ ആരുണ്ടാകും?
ഗുരു ക്ഷീണിതൻ എങ്കിലും മന്ദസ്മിതത്തോടെ മറുപടി പറഞ്ഞു , ഒരു നല്ല ഗുരുവിനു ഒരിക്കലും മരണമില്ല. എന്റെ ശിഷ്യന്മാരിലൂടെ ഞാനിനിയും ജീവിക്കും.

ഒരു ഏലിയാവ് എടുക്കപെട്ടപ്പോൾ അതിലും ശക്തനായ എലീശയെ കാര്യങ്ങൾ ഭരമേല്പിച്ചിട്ടാണ് പോയത്. തനിക്കു ശേഷം പ്രളയം എന്നു പറയുന്നവർ ഏകാധിപതികൾ ആയിരിക്കും.

ഇന്ന് യേശു ഉണ്ടായിരുന്നുവെങ്കിൽ എന്ത് നല്ലതായിരുന്നു എന്നു നമ്മളിൽ പലരും ചിന്തിച്ചിട്ടില്ലേ? എന്നാൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്നു; 'ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല' അവൻ ചെയ്തതിൽ അധികം നാം ചെയ്യുമെന്ന് പ്രതീക്ഷിച്ചാണ് അവൻ ഇവിടെ നിന്നും കടന്നു പോയത് .

നാം വെറും ക്രിസ്തുമതത്തിൽ ആളെ കൂട്ടുന്നവരുടെ കൂട്ടത്തിൽ ആകാതെ യേശു ഓരോരുത്തരുടെയും ഹൃദയത്തിൽ വസിക്കുവാൻ അവരോടു സത്യാ സുവിശേഷം പ്രഘോഷിപ്പിക്കുന്നവർ ആകാം.
യേശുവിന്റെ സ്വഭാവം നമ്മിലൂടെ പ്രകടിപ്പിക്കുന്നവർ ആകണം.
അവൻ നടന്നു പോയ വഴികളിൽ അശരണർക്കു അവനൊരു ആശ്വാസമായിരുന്നു, രോഗികൾക്കു അവനൊരു വൈദ്യൻ ആയിരിന്നു, വിശന്നിരിക്കുന്നവർക് അവൻ ജീവന്റെ അപ്പം ആണ്.
നാം ആ ഗുരുവിന്റ യഥാർത്ഥ ശിഷ്യരാണോ എന്നു സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമല്ലേ.

# കേരളത്തിൽ വൈദികനെ വധിക്കാൻ ഐഎസ് പദ്ധതി;

## ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ റിപ്പോർട്ട്




കൊച്ചി: കേരളത്തിൽ ഭീകരസംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിന്റെ ഗ്രൂപ്പ് രൂപീകരിക്കാനുള്ള നീക്കം എൻഐഎ നശിപ്പിച്ചു. ഇതിന് പകരം ഐ എസ് വൈദികനെ വധിക്കാൻ പദ്ധതിയിട്ടതായാണ് റിപ്പോർട്ട്.

തൃശൂർ സ്വദേശിയായ നബീൽ അഹമ്മദ് ചെന്നൈയിൽ അറസ്റ്റിലായതിന് പിന്നാലെയാണ് വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്. 'പെറ്റ് ലവേഴ്സ്' എന്ന ടെലിഗ്രാം ഗ്രൂപ്പ് രൂപീകരിച്ചായിരുന്നു സംസ്ഥാനത്ത് ഐഎസ് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ആലോചനകൾ നടത്തിയത്. ക്രൈസ്തവ വൈദികനെ വധിക്കാൻ സംഘം പദ്ധതിയിട്ടിരിന്നുവെന്ന് ദേശീയ അന്വേഷണ ഏജൻസി പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. തങ്ങളുടെ പ്രവർത്തനത്തിന് പണം കണ്ടെത്താനായി ക്ഷേത്രങ്ങൾ കൊള്ളയടിക്കാനും ഇവർ ഗൂഢാലോചന നടത്തി.

തൃശൂർ, പാലക്കാട് ജില്ലകളിലെ ക്ഷേത്രങ്ങൾ കൊള്ളയടിക്കാനായിരുന്നു സംഘം ആലോചിച്ചത്. ഇതിനായി പദ്ധതി തയ്യാറാക്കി. നബീൽ അഹമ്മദ് ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്. തൃശ്ശൂർ സ്വദേശിയായ നബീൽ ഖത്തറിൽവെച്ചാണ് ഇസ്ലാമിക് സ്റ്റേറ്റ് സംഘങ്ങളുമായി ബന്ധം സ്ഥാപിച്ചത്. ഈ സംഘത്തിന്റെ സഹായത്തോടെയായിരുന്നു കേരളത്തിൽ ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ആലോചന തുടങ്ങിയത്. കേരളത്തിൽ തങ്ങളുടെ സംഘത്തിലേക്ക് യുവാക്കളെ റിക്രൂട്ട് ചെയ്ത് പരിശീലനം നൽകാനും നബീലിന്റെ നേതൃത്വത്തിൽ പദ്ധതിയിട്ടിരുന്നു.

ഐഎസ് പോലുള്ള ഒരു ഇസ്ലാമിക ഭീകരസംഘടന കേരളത്തിലും വേരാഴ്ത്തിയതിൽ ആശങ്ക പങ്കുവെച്ച് കെസിബിസി ജാഗ്രത കമ്മീഷൻ കഴിഞ്ഞ ദിവസം പ്രസ്താവന ഇറക്കിയിരിന്നു. ഇസ്ലാമിക ഭീകരസംഘടനകളുടെ ഒട്ടേറെ സജീവ പ്രവർത്തകർ കേരളം ഉൾപ്പെടെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിലുണ്ടെന്നും അവർ ഭീകരാക്രമണങ്ങൾക്ക് പദ്ധതിയിടുന്നുണ്ടെന്നും സൂചിപ്പിക്കുന്ന റിപ്പോർട്ടുകൾ ഐക്യരാഷ്ട്ര സഭയുടേതുൾപ്പെടെയുള്ള വിവിധ അന്വേഷണ ഏജൻസികൾ പുറത്തുവിട്ടതാണ്. എന്നാൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ഇത്തരം ഭീകരവാദനീക്കങ്ങളെ പ്രതിരോധിക്കാൻ കേരളത്തിലെ സർക്കാർ സംവിധാനങ്ങൾ ശ്രമിക്കുന്നില്ലായെന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത.
കേരളത്തിലെ ഭീകരവാദ പ്രവർത്തനങ്ങൾക്കെതിരെ അടിയന്തരമായി സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

# ചിക്കാഗോയിൽ പരസ്യയോഗം തടസപ്പെടുത്താനൊരുങ്ങിയ സുവിശേഷവിരോധിയുടെ ശ്രമം പരാജയപെട്ടു

ചിക്കാഗോ: ഇന്ത്യ പെന്തകോസ്ത് ദൈവസഭ ഷാലോം ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഞായറാഴ്ച ഡീ പാർക്കിൽ നടന്ന സുവിശേഷേ പരസ്യയോഗത്തിനെതിരെ പരാതിയുമായി സുവിശേഷ വിരോധി. പരസ്യയോഗം നടന്നു കൊണ്ടിരിക്കെ പോലീസിനെ വിളിച്ച് പരാതി അറിയിച്ചതിനെ തുടർന്ന് പോലീസുകാർ യോഗസ്ഥലത്തു എത്തിയെങ്കിലും നിയമനുസൃതമായ രേഖകൾ കാണിച്ചതിനെ തുടർന്ന് യോഗം തടസ്സപ്പെടുത്താതെ പോലീസ് പിന്തിരിഞ്ഞു. ഇതോടെ ആവശ്യമായ ഫീസ് അടച്ചു വാടകകെടുത്ത സ്ഥലത്തു സമാധാനപരമായി നടത്തുന്ന സുവിശേഷ യോഗത്തെ തടസ്സപ്പെടുത്തുവാൻ അസ്വസ്ഥയായ വർഗീയവാദി നടത്തിയ ശ്രമം പരാജയപ്പെടുകയായിരുന്നു. ചില ആഴ്ചകൾക്ക് മുൻപ് കർത്തൃദാസൻ പാസ്റ്റർ പ്രിൻസ് പോളിന്റെയും സഭയുടെയും നേതൃത്വത്തിൽ നടന്ന പരസ്യ യോഗത്തിനിടയിലും ക്രിസ്തു വിരോധിയായ ഈ വ്യക്തി പരസ്യമായി പ്രതിഷേധിച്ചിരുന്നു.



ചിക്കാഗോ ഐ പി സി ഷാലോം സഭയുടെ നേതൃത്വത്തിൽ ഡീ പാർക്കിൽ സംഘടിപ്പിച്ച ഗോസ്പൽ ഔട്ട് റീച്ചിലുടെ വീണ്ടും സുവിശേഷത്തിന്റെ വിളംബരം. വിവിധ സഭകളിൽ നിന്നുള്ള നിരവധി പേരാണ് ഈ പ്രാവശ്യവും അത്യുത്സാഹത്തോടെ ഈ ശുശ്രൂഷയിൽ പങ്കാളികൾ ആകുവാൻ ഡീ പാർക്കിൽ ഒത്തു കൂടിയത്. 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ഇരുന്നുറോളം സമീപഭവനങ്ങൾ സന്ദർശിച്ച് ലഘു ലേഖകൾ എത്തിക്കുന്നതിനോടൊപ്പം പാർക്കിൽ എത്തിചേർന്ന നിരവധി പേർക്ക് നിത്യ ജീവന്റെ സന്ദേശം കൈ മാറി സുവിശേഷത്തിന് സാക്ഷിയായി. അനേകർ ശ്രദ്ധാപൂർവം സുവിശേഷം ശ്രവിച്ചു. സുവിശേഷതല്പരരായ ഒരു സ്പാനിഷ് ടീം ആദിയോടന്തം ഈ പ്രോഗ്രാമിൽ പങ്കെടുത്ത് ഗാനങ്ങൾ ആലപിക്കുകയും പ്രസംഗിക്കുകയും ചെയ്തു. സഭയുടെ മുൻ സീനിയർ ശ്രുശുഷകനായിരുന്ന പാസ്റ്റർ തോമസ് കോശി ഉൾപ്പെടെ നിരവധി പേർ പ്രസംഗിച്ചു.
സഭയുടെ സീനിയർ ശ്രുശുഷകൻ പാസ്റ്റർ സി സി കുര്യാക്കോസ് നേതൃത്വം നൽകി.

CNL7 MEDIA
CHRISTIANLIVE DAILY
Vol. 2 Issue 221
12 Tuesday
Pages 5
590

